"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, മണത്തല, BBALP സ്കൂളിലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ സലാം പി വി, സമർപ്പിച്ച റിവിഷൻ അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (എസ് സി) വകുപ്പ്**

G.O.(Rt)No.4391/2022/GEDN തീയതി,തിരുവനന്തപുരം, 27-07-2022

---

പരാമർശം:-

1. റിട്ട് ഹർജി നം 3465/2017 മേലുള്ള 05/07/2019 തീയതിയിലെ വിധിന്യായം
2. ചാവക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/09/2020 തീയതിയിലെ D/3569/2020 നമ്പർ ഉത്തരവ്
3. റിവ്യൂ പെറ്റീഷൻ നം 798/2020 മേലുള്ള 09/11/2020 തീയതിയിലെ വിധിന്യായം
4. 18/02/2021 തീയതിയിലെ സലാം പി.വി യുടെ റിവിഷൻ അപ്പീൽ
5. 28/03/2022 തീയതിയിലെ ചാവക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/1045/22 നമ്പർ കത്ത്
6. 19/05/2022 തീയതിയിലെ ചാവക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഡി/1045/22 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, മണത്തല, BBALP സ്കൂളിലെ ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ സലാം പി വി നിയമനംഗീകാരത്തിനായി പരാമർശം 4 പ്രകാരം റിവിഷൻ അപ്പീൽ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. ടിയാൻ ബഹ .ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3465/2017 മേലുള്ള പരാമർശം 1 വിധിന്യായത്തിൽ 02/06/2008 മുതൽ 31/05/2009 വരെയുള്ള നിയമനം അംഗീകരിക്കുവാൻ ഉത്തരവായിരുന്നു. അതിൻ പ്രകാരം ചാവക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 02/06/2008 മുതൽ 31/05/2009 വരെയുള്ള നിയമനം പരാമർശം 2 ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു.

3. 01/06/2010 മുതൽ തന്റെ നിയമനം അഗീകരിച്ചിരുന്നുവെന്നും തന്റെ 02/06/2008 മുതൽ 31/05/2010 വരെയുള്ള നിയമനം അംഗീകരിച്ചു കിട്ടുന്നതിന് വേണ്ടിയാണ് ബഹു.കോടതിയെ സമീപിച്ചതെന്നും എന്നാൽ 02/06/2010 എന്നതിനു പകരം 02/06/2009 എന്ന് ബഹു.കോടതി ഉത്തരവായ സാഹചര്യത്തിൽ ബഹു.കോടതിയിൽ റിവ്യൂ പെറ്റീഷൻ (RP No.798/2020) ഫയൽ ചെയ്യുകയും ആയതിന്റെ പരാമർശം 3 വിധിന്യായത്തിൽ 3465/2019 ലെ വിധിന്യായത്തിലെ 02/06/2008 മുതൽ 31/05/2009 എന്നത് 02/06/2008 മുതൽ 31/05/2010 എന്നാക്കി തിരുത്തി ഉത്തരവായിരുന്നു.

4. റിവ്യൂ പെറ്റീഷന്റെ 09/11/2020 ലെ ഉത്തരവിൻ പ്രകാരം 31/05/2010 വരെയുള്ള നിയമനം അംഗീകരിക്കുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറെ സമീപിച്ചുവെന്നും എന്നാൽ ആയതിന് സർക്കാരിൽ നിന്ന് നിർദ്ദേശം ലഭിക്കണമെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചുവെന്നും ആയതിനാൽ 02/06/2008 മുതൽ 31/05/2010 വരെയുള്ള നിയമനം അംഗീകരിക്കുന്നതിന് നിർദ്ദേശം നൽകണമെന്നാണ് റിവിഷൻ അപ്പീലിലെ ആവശ്യം.

5. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങളുടെയും ഉത്തരവുകലുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു

6. ബി.ബി.എ.എൽ.പി മണത്തല സ്കൂളിൽ ജോലി ചെയ്തു വരുന്ന ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ. സലാം പി.വി എന്നവരുടെ 02/06/2008 മുതൽ 31/05/2009 വരെയുള്ള നിയമനം പരിഗണിക്കുന്നതിനും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധി നടപ്പാക്കുന്നതിനും വേണ്ടി ശ്രീ. സലാം പി.വി യുടെ നിയമന പ്രൊപ്പോസൽ സമന്വയ വഴി അയച്ചു തന്നിരുന്നു. ടിയാന്റെ നിയമനം അഡ്വക്കേറ്റ് ജനറലിന്റെ 18/07/19 ലെ ഇ1 റിട്ട് ഹർജി (സി) 3465/17 നമ്പർ കത്ത്, ഗവൺമെന്റ് സെക്രട്ടറിയുടെ 14/08/19 ലെ എസ്.2/213/2019/പൊ.വി.വ നമ്പർ കത്ത് എന്നിവ അനുസരിച്ചു 02/6/2008 മുതൽ 31/05/2009 വരെയുള്ള നിയമനം D/3569/2020 dtd 29/09/2020 പ്രകാരം അംഗീകരിച്ചു നൽകിയിരുന്നു.

7. റിവ്യൂ പെറ്റീഷന്റെ 09/11/2020 ലെ ഉത്തരവിൻ പ്രകാരം 02/06/2008 മുതൽ 31/05/2010 വരെ നിയമനം എന്ന് തിരുത്തും ലഭ്യമായിരിക്കുന്നു. എന്നാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18/10/21 ലെ എസ്.സി2/208/2021/പൊ.വി.വ നമ്പർ കത്ത് പ്രകാരം വന്ന വിധിന്യായ തിരുത്ത് പ്രകാരം ടിയാൻ സമന്വയ മുഖേന 02/06/2008 മുതൽ 31/05/2010 വരെയുള്ള നിയമനം

ലഭ്യമാക്കുന്നതിന് നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാകുന്നു.

8. ടിയാന്റെ നിയമനം 1/06/2010 മുതൽ നിയമനം ജൂനിയർ അറബിക് തസ്തികയിൽ ONWARDS ആയി D/2024/2010 dtd /11/2020 ലഭ്യമായിട്ടുള്ളതും, തസ്തിക അനുവദിച്ചിട്ടുള്ളതും 2019-2020 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം നിലവിൽ തസ്തിക നിലനിൽക്കുന്നതുമാണ് എന്ന് ചാവക്കാട് ഉപ ജില്ലാ വിദ്യാഭ്യാസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്

മേൽ സാഹചര്യത്തിൽ ശ്രീ സലാം പി വിയുടെ 02/06/2008 മുതൽ 31/05/2010 വരെയുള്ള നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിന് ചാവക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
UNDER SECRETARY

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചാവക്കാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരളം, തിരുവനന്തപുരം

ശ്രീ. സലാം. പി.വി, ജൂനിയർ അറബിക് ടീച്ചർ, ബി.ബി.എ.എൽ.പി സ്കൂൾ, മണത്തല, ചാവക്കാട്, തൃശ്ശൂർ

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Mini.t.r.**
**Date: 29-07-2022 11:45:30**
സെക്ഷൻ ഓഫീസർ